**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2086** **09-12-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന് വാങ്ങിയ ഇലക്ട്രിക്ക് ബസ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം വിൻസെൻറ്** | | **ശ്രീ ആന്റണി രാജു**<br>**(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന് വാങ്ങിയ ഇലക്ട്രിക്ക് ബസ്സുകൾ ടെൻഡർ ക്ഷണിച്ചാണോ വാങ്ങിയതെന്നും, എത്ര കമ്പനികൾ ടെൻഡറിൽ പങ്കെടുത്തുവെന്നും ഓരോ കമ്പനിയും ക്വോട്ട് ചെയ്ത തുക സഹിതം വിശദമാക്കുമോ; | (എ) | കേരള സർക്കാരിന്റെ ഇ-ടെണ്ടർ പോർട്ടൽ മുഖേന two bid system പ്രകാരം ഇ-ദർഘാസ് ക്ഷണിച്ചാണ് ഇലക്ട്രിക് ബസ് വാങ്ങിയത്.<br><br>9 മീറ്റർ Non AC ഇലക്ട്രിക് ബസുകൾ വാങ്ങുന്നതിന് ക്ഷണിച്ച ഇ-ദർഘാസിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത വില വിവരം ചുവടെ ചേർക്കുന്നു.<br><br>(പട്ടിക താഴെ)<br><br>ഏറ്റവും കുറഞ്ഞ വില വാഗ്ദാനം ചെയ്ത് L1 സ്ഥാനത്തു വന്ന M/s. PMI Electro Mobility Solutions Pvt. Ltd.-മായി വില പേശൽ നടത്തിയതിന് ശേഷമുള്ള അന്തിമ വില 92,43,986/- രൂപയാണ് (GST ഉൾപ്പെടെ). |
| (ബി) | കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് കമ്പനിക്ക് ബസ്സുകൾ വാങ്ങുന്നതിന് ടെൻഡർ പുറപ്പെടുവിച്ചത് കെ.എസ്.ആർ.ടി.സി. യാണോ അതോ സ്വിഫ്റ്റ് കമ്പനിയാണോ; പ്രസ്തുത ടെൻഡർ അംഗീകരിച്ച് നൽകിയത് ആരാണെന്നും ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ? | (ബി) | കെ.എസ്.ആർ.ടി.സി.യാണ് ടെൻഡർ പുറപ്പെടുവിച്ചത്. കെ.എസ്.ആർ.ടി.സി.യുടെ ഭരണസമിതിയാണ് ടെൻഡർ അംഗീകരിച്ചത്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

| ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ | വാഗ്ദാനം ചെയ്ത തുക (GST ഉൾപ്പെടെ) |
|---|---|
| M/s.Tata Motors Ltd. | Rs.1,10,31,773.55 |
| M/s.JBM Auto Ltd. | Rs.1,13,00,835.00 |
| M/s.PMI Electro Mobility Solutions Pvt. Ltd. | Rs.94,53,986.00 |
| M/s.VE Commercial Vehicles Ltd. | Rs.95,20,000.00 |
| M/s. Switch Mobility Automotive Ltd. | Rs.1,17,65,000.00 |

സെക്ഷൻ ഓഫീസർ

അനുബന്ധം

# കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

## 11-11-2021-ൽ ചേർന്ന 409ാംമത് ഭരണസമിതി യോഗത്തിന്റെ തീരുമാനം

ഫയൽ നമ്പർ_ എസ്.ആർ.എ1/001003/2021. അജണ്ട ഇനം.: 140/409/2021

വിഷയം:- Fully Built 9 Meter Non AC Electric Bus (50 Nos.) with 25 Chargers - വാങ്ങുന്നത് സംബന്ധിച്ച് -

### തീരുമാനം

18-8-2021ൽ ചേർന്ന 408-ാംമത് ഭരണസമിതി തീരുമാനപ്രകാരം AMC വ്യവസ്ഥകൾ പരിഷ്കരിച്ച് Electric Bus driveline and battery pack ഇവ മാത്രം AMC-യിൽ ഉൾപ്പെടുത്തി മറ്റ് ഭാഗങ്ങൾ കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സംവിധാനങ്ങൾ ഉപയോഗിച്ച് പരിപാലിക്കപ്പെടുമ്പോൾ AMC നിരക്ക് കുറവ് വരും എന്നത് പരിഗണിച്ച് ദർഘാസ് വ്യവസ്ഥയിൽ മാറ്റങ്ങൾ വരുത്തി പുനർ ദർഘാസ് ക്ഷണിച്ചതും 18-10-2021 തീയതിയായി തുറന്ന സാങ്കേതിക ദർഘാസിൽ 5 സ്ഥാപനങ്ങൾ പങ്കെടുത്തു എന്നതും, ടി സ്ഥാപനങ്ങളുടെ യോഗ്യതാ നിർണ്ണയം നടന്നുവരുന്നു എന്നതും ചർച്ച ചെയ്തു. കൂടാതെ 50 എണ്ണം ഇലക്ട്രിക് ബസ്സുകൾ charging infrastructure ഉൾപ്പെടെ വാങ്ങുന്നതിന് 57.5 കോടി രൂപ KIIFB ധനസഹായം അനുവദിച്ചിട്ടുണ്ട് എന്നതും, തുക അധികരിക്കുകയാണെങ്കിൽ കെ.എസ്.ആർ.ടി.സി. സ്വന്തം നിലയിലോ overdraft മുഖേനയോ അധിക ധനം കണ്ടെത്തേണ്ടി വരും എന്നതും, charging infrastructure-നായി ഗതാഗത വകുപ്പുമായി ബന്ധപ്പെട്ട് e-mobility scheme-ൽ രണ്ട് കോടി രൂപ ധനസഹായം അഭ്യർത്ഥിച്ചിട്ടുണ്ട് എന്നതും അറിയിച്ച് വിശദമായ ചർച്ചയ്ക്കുശേഷം താഴെപറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1. ദർഘാസ് വ്യവസ്ഥകൾ പ്രകാരമുള്ള യോഗ്യത നേടിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി സാമ്പത്തിക ദർഘാസ് തുറക്കുന്നതിനും തുടർന്നുള്ള നടപടികൾ സ്വീകരിക്കുന്നതിനും ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തി.

2. ബസ് ഒന്നിന് 95 ലക്ഷം രൂപ അധികരിക്കുകയാണെങ്കിൽ അധികം വേണ്ടിവരുന്ന തുക കണ്ടെത്തുന്നതിനായി കളക്ഷനിൽ നിന്നോ SBI overdraft മുഖേനയോ 50 കോടി രൂപ വരെ അധിക ധനസമാഹരണത്തിനായി ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറെ അധികാരപ്പെടുത്തി.

...

ഒപ്പ്

ചെയർമാൻ

തിരുവനന്തപുരം,

തീയതി : 06-12-2021.

//ശരി പകർപ്പ് //

സ്വീകർത്താവ് :- E.D (T) in-charge.

സെക്രട്ടറി

സെക്ഷൻ ഓഫീസർ

.asm/-

4/5